പഠനപ്രശ്നം

നിത്യജീവിതത്തിൽ പലതരം  ഉപകരണങ്ങൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നുണ്ട് .ഈ ഉപകരണങ്ങൾ പ്രവർത്തിക്കാൻ ആവശ്യമായ വൈദ്യുതി എവിടെ നിന്നൊക്കെ ആണ് ലഭിക്കുന്നത്.

വിലയിരുത്തൽ സൂചകങ്ങൾ

- നിരീക്ഷണങ്ങളിലൂടെ വൈദ്യുതസ്രോതസ്സ കളെക്കുറിച്ച് വിവരം ശേഖരിക്കുന്നതിന്.
- നിത്യജീവിതത്തിലെ അനുഭവകളിലൂടെ വൈദ്യുതി സ്രോതസ്സുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തുന്നതിന്.
- വൈദ്യുത സ്രോതസ്സുകൾക്ക് ഉദാഹരണങ്ങൾ കണ്ടെത്തുന്നതിന്.
- നിരീക്ഷണം, അനുഭവവിശകലനം, റഫറൻസ് എന്നിവയിലൂടെ വൈദ്യുതസ്രോതസ്സ കളെക്കുറിച്ച് വിവരം ശേഖരിക്കുന്നതിനും നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന വിവിധതരം വൈദ്യുതസ്രോതസ്സുകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നതിനും

# TEACHING MANUAL

Class: 7
Subject: Basic Science
Unit : 3, വൈദ്യുതിയുടെ ലോകം
Topic:വൈദ്യുത സ്രോതസ്സുകൾ

### പഠനലക്ഷ്യങ്ങൾ

- വിവിധ ഊർജ്ജരൂപങ്ങളും അവ ഉപയോഗിക്കുന്ന ജീവിതസന്ദർഭങ്ങളും  വിശദീകരിക്കുന്നു.
- വിവിധ ജീവിതസന്ദർഭങ്ങളിലെ ഊർജ്ജ മാറ്റങ്ങൾ മനസിലാക്കി വിശദീകരിക്കുന്നു.

### പഠനനിലവാര സൂചകങ്ങൾ

ഊർജ്ജരൂപങ്ങൾ തിരിച്ചറിയുന്നു.
ഊർജ്ജരൂപങ്ങളും സ്രോതസ്സും തിരിച്ചറിയുന്നു.
വിവിധ ഊർജ്ജരൂപങ്ങൾ പ്രയോജനപ്പെടുത്തുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നു.
ഊർജ്ജ മാറ്റങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.

### ആശയങ്ങൾ

വിവിധ ജീവിത സന്ദർഭത്തിൽ ഊർജമാറ്റം ഉണ്ടാകുന്നു.
ഊർജ്ജം ഒരു രൂപത്തിൽ നിന്നും മറ്റൊരു രൂപത്തിലേക്ക് മാറുന്നു.

### മൂല്യങ്ങൾ / മനോഭാവങ്ങൾ

ഊർജ്ജവിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്.

### സാമഗ്രികൾ

സെൽ, LED, ടോയ് ഫാൻ , മിനിമോട്ടോർ

### പ്രതീക്ഷിത ഉൽപ്പന്നങ്ങൾ

പട്ടികകൾ,
സെൽ, ബൾബ് എന്നിവ ഉപയോഗിച്ചുണ്ടാക്കിയ ഉപകരണങ്ങൾ

| പഠന പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|

## പ്രവർത്തനം**1**

ക്ലാസ്സിൽ വിവിധ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.

1 . ഫാൻ പ്രവർത്തിപ്പിക്കുന്നു.

2. മൊബൈൽ ഫോൺ പ്രവർത്തിപ്പിക്കുന്നു.

3. സെല്ലുകൾ ഉപയോഗിച്ച് ബൾബ് പ്രകാശിപ്പിക്കുന്നു.

ഈ പ്രവർത്തനങ്ങൾ നടക്കുന്നതിനാവശ്യമായ ഊർജം എവിടെ നിന്നു ലഭിക്കുന്നു.?

സ്വതന്ത്ര്യ പ്രതികരണങ്ങൾ നടത്തുന്നു.
പ്രവർത്തനങ്ങൾ അതിനു സഹായകമായ ഊർജം എന്നിവ പട്ടികയാക്കുന്നു

| പ്രവർത്തനങ്ങൾ | സഹായകമായ ഊർജം |
|---|---|
| | |

## പ്രവർത്തനം **2**



ചില ഉപകരണങ്ങളുടെ ചിത്രങ്ങൾ നിരീക്ഷിച്ച് അവ പ്രവർത്തിക്കാൻ ആവശ്യമായ വൈദ്യുതി എവിടെ നിന്നാണ് ലഭിക്കുന്നത് എന്ന് കണ്ടെത്താൻ ആവശ്യപ്പെടുന്നു.

### ക്രോഡീകരണം

പ്രവൃത്തിചെയ്യാനും മാറ്റം വരുത്താനും ഊർജം  ആവശ്യമാണ് . പ്രകാശം, താപം, വൈദ്യുതി ,ശബ്ദം എന്നിവ വിവിധ ഊർജരൂപങ്ങളാണ്. ഊർജം ഒരു രൂപത്തിൽ നിന്ന് മറ്റൊരു രൂപത്തിലേക്ക് മാറ്റാൻ കഴിയും.നിത്യജീവിതത്തിൽ  ഏറ്റവുമധികം ഉപയോഗിക്കുന്ന ഊർജരൂപമാണ് വൈദ്യുതി. വൈദ്യുതോർജം നമുക്ക്  ആവശ്യമായ  മറ്റ് ഊർജരൂപങ്ങളാക്കി മാറ്റുന്ന നിരവധി ഉപകരണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്നു.

### വിലയിരുത്തൽ

വർക്ക് ഷീറ്റുകൾ ,ക്വിസ് എന്നിവയിലൂടെ പഠനം വിലയിരുത്താം.

### തുടർപ്രവർത്തനങ്ങൾ

1.വൈദ്യുതി ഉപയോഗിച്ച്  പ്രവർത്തിക്കുന്ന കൂടുതൽ ഉപകരണങ്ങളുടെ പേരുകൾ കണ്ടെത്തി പട്ടിക വിപുലപ്പെടുത്തുക